(ഡി) എൽ.ഐ.സി./ജി.ഐ.സി. വായ്പകൾ ഭവന നിർമ്മാണത്തിനും എൻ.സി.ഡി.സി. വായ്പ സഹകരണ മേഖലയിലെ പദ്ധതികൾക്കുമാണ് ലഭ്യമാക്കുന്നത്. നബാർഡിന്റെ വായ്പ അടിസ്ഥാനസൗകര്യ വികസനത്തിനു വേണ്ടിയാണ്. കേന്ദ്ര സർക്കാർ മുഖാന്തിരം ലഭിച്ച വായ്പ ഭരണ നവീകരണ പദ്ധതി, സാമ്പത്തിക പരിഷ്കരണ പദ്ധതി, വൈദ്യുതി ബോർഡിനുള്ള സഹായം, അസറ്റ് റിന്യൂവൽ ഫണ്ട്, പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനഃസംഘടന എന്നീ ആവശ്യങ്ങൾക്ക് 1012.96 കോടി രൂപയും അട്ടപ്പാടി പ്രോജക്ട്, കേരള റൂറൽ വാട്ടർ സപ്ലൈ സാനിട്ടേഷൻ പ്രോജക്ട്, കേരള ഫോറസ്ട്രി പ്രോജക്ട്, നാഷണൽ ഹൈഡ്രോളജി പ്രോജക്ട്, കേരള ട്രാൻസ്പോർട്ട് പ്രോജക്ട് എന്നിവയ്ക്കായി 411.66 കോടി രൂപയും ചെലവഴിക്കുന്നതാണ്.

(ഇ) ഇല്ല.

(എഫ്) ഇതുവരെ ലഭിച്ച തുകയുടെ വിശദ വിവരം ഉത്തരം (എ)-ൽ പരാമർശിച്ചിട്ടുണ്ട്. എ.ഡി.ബി.-യിൽ നിന്നും 125 മില്യൻ ഡോളർ കൂടി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ജി) എൽ.ഐ.സി./ജി.ഐ.സി./നബാർഡ്/എൻ.സി.ഡി.സി. എന്നിവയുമായി പൊതു കരാറുകളിലൊന്നും ഏർപ്പെട്ടിട്ടില്ല. എ.ഡി.ബി.-യുമായുള്ള വായ്പ കരാർ ഒപ്പു വച്ചിട്ടുള്ളത് കേന്ദ്ര സർക്കാർ ആണ്.

(എച്ച്) ഉപചോദ്യം (എ), ഉപചോദ്യം (ഡി) എന്നിവയുടെ ഉത്തരത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

വിവിധ സ്ഥാപനങ്ങളിൽ നിന്നും സർക്കാർ കടം എടുത്ത തുക

21 [304] ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നും എത്ര തുക വീതം സർക്കാർ കടം എടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതേ കാലയളവിൽ പൊതുജനങ്ങളിൽ നിന്നും എന്തു തുക കടമെടുത്തിട്ടുണ്ട്;

(സി) പ്രസ്തുത തുക ഓരോന്നും ഏതെല്ലാം കാര്യങ്ങൾക്കായി വിനിയോഗിച്ചു എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എൽ.ഐ.സി. - 1251.58 കോടി രൂപ.

ജി.ഐ.സി. - 105.90 കോടി രൂപ

എൻ.സി.ഡി.സി. - 100.728 കോടി രൂപ

നബാർഡ് - 323.08 കോടി രൂപ

(ബി) പൊതുജനങ്ങളിൽ നിന്നും നേരിട്ടു ഗവൺമെന്റ് കടമെടുക്കാറില്ല.

(സി) എൽ.ഐ.സി., ജി.ഐ.സി. വായ്പകൾ ഭവന നിർമ്മാണം, ജലവിതരണം, അഗ്നിശമന സേവനം എന്നീ ആവശ്യങ്ങൾക്കും എൻ.സി.ഡി.സി. വായ്പ സഹകരണ മേഖലയിലും നബാർഡ് വായ്പ അടിസ്ഥാനസൗകര്യ വികസനത്തിനും വിനിയോഗിച്ചു വരുന്നു.

എ. ഡി. ബി. പ്രതിനിധി സംഘങ്ങളുടെ സംസ്ഥാന സന്ദർശനം

22 [305] ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ എ.ഡി.ബി.യുടെ എത്ര പ്രതിനിധി സംഘങ്ങൾ കേരളത്തിൽ സന്ദർശനം നടത്തിയെന്നും അവരുടെ താമസത്തിനും അതിഥി സൽക്കാരത്തിനും വേണ്ടി എത്ര തുക ചെലവഴിച്ചു എന്നും വ്യക്തമാക്കാമോ;

(ബി) എ. ഡി. ബി. പ്രതിനിധി സംഘം എപ്പോഴെങ്കിലും കേരളത്തിലെ സർക്കാർ ഓഫീസുകളിൽ സന്ദർശനം നടത്തുകയോ നേരിട്ട് വിവരം ശേഖരിക്കുകയോ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) സംസ്ഥാനത്തെ സർവ്വീസ് ചട്ടങ്ങൾ പരിഷ്കരിക്കുന്നതിനായി എ. ഡി. ബി. ഏതെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഡി) എ. ഡി. ബി. നൽകുന്ന ധനസഹായത്തോടൊപ്പം പലിശനിരക്കിന് പുറമെയുള്ള എന്തെല്ലാം നിബന്ധനകളാണ് സംസ്ഥാന സർക്കാർ പാലിക്കുവാൻ കടപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ എ. ഡി. ബി-യുടെ എട്ട് പ്രതിനിധി സംഘങ്ങൾ കേരളത്തിൽ സന്ദർശനം നടത്തിയിട്ടുണ്ട്. എ. ഡി. ബി. പ്രതിനിധികളുടെ താമസത്തിനുള്ള ചെലവ് അവർ തന്നെയാണ് വഹിക്കുന്നത്. അതിഥി സൽക്കാരത്തിന് 1,06,025 രൂപ ചെലവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly